"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്-എൽ.എ.സി-എ.ഡി.എസ്- പാലക്കാട് ജില്ല-ഒറ്റപ്പാലം നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തി വികസന ഫണ്ടിൽ (2025 - 2026) - വാക്കടപ്പുറം ഗവൺമെന്റ് എൽ.പി സ്കൂളിന് വാഹനം വാങ്ങുന്നതിന് അനുവദിച്ച തുക മാറി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എം) വകുപ്പ്

സ.ഉ.(സാധാ) നം.8279/2026/GEDN തീയതി,തിരുവനന്തപുരം, 08-10-2026

പരാമർശം:-

1. സ.ഉ.(അച്ചടി) നമ്പർ 178/2016/ധന തീയതി 09.12.2016
2. സ.ഉ.(അച്ചടി) നം.119/2018/ധന തീയതി 04.08.2018
3. സ.ഉ.(സാധാ) നം.1648/2019/ധന തീയതി 05.03.2019
4. 05.03.2025 തീയതിയിലെ നം.19/2025/ധന നമ്പർ സർക്കുലർ
5. പാലക്കാട് ജില്ലാ കളക്ടറുടെ 20.08.2025 തീയതിയിലെ LSGD/JD/PKD/4357/2025-C3 നമ്പർ നടപടിക്രമം
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 25.05.2026 തീയതിയിലെ ബി2/3555/2025/ഡി.ജി.ഇ നമ്പർ കത്ത്
7. സ.ഉ.(സാധാ) നം.6498/2026/ധന തീയതി 15.08.2026

ഉത്തരവ്

പാലക്കാട് ജില്ല, ഒറ്റപ്പാലം നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തി വികസന ഫണ്ടിൽ (2025 - 2026) നിന്നും വാക്കടപ്പുറം ഗവൺമെന്റ് എൽ.പി സ്കൂളിന് ബസ് വാങ്ങുന്നതിനായി ' 4202-01-800- 84 - Projects under LAC- ADS - Other Projects - NP ' എന്ന ശീർഷകത്തിൽ നിന്നും ₹ 23,00,000/- (ഇരുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) വിനിയോഗിച്ച് വാഹനം വാങ്ങുന്നതിന് പരാമർശം (5) പ്രകാരം ഭരണാനുമതി ലഭ്യമായ സാഹചര്യത്തിൽ, പ്രസ്തുത സ്കൂളിന് ബസ് വാങ്ങുന്നതിനായി ₹ 23,00,000/- (ഇരുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ, പരാമർശം (6) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തിരുന്നു.

2. പരാമർശം (3) പ്രകാരം, 14 ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടർമാരെ പ്രസ്തുത ശീർഷകത്തിലെ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി ചുമതലപ്പെടുത്തിയിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒറ്റപ്പാലം നിയോജകമണ്ഡലം എം.എൽ.എ - യുടെ ആസ്തി വികസന ഫണ്ടിൽ (2025 - 2026) നിന്നും വാക്കടപ്പുറം ഗവൺമെന്റ്

എൽ.പി സ്കൂളിന് ബസ് വാങ്ങുന്നതിനായി ' 4202-01-800- 84 - Projects under LAC- ADS - Other Projects - NP ' എന്ന ശീർഷകത്തിൽ നിന്നും ₹ 23,00,000/- (ഇരുപത്തി മൂന്ന് ലക്ഷം രൂപ മാത്രം), ലഭ്യമായിരിക്കുന്ന ഇൻവോയ്സുകളുടെയും അനുബന്ധ രേഖകളുടെയും ആധികാരികതയും അനുവദനീയതയും പൊതുവിദ്യാഭ്യാസ ഡയറക്ടർ ഉറപ്പുവരുത്തണമെന്ന നിബന്ധനയോടുകൂടി, 2026-27 സാമ്പത്തിക വർഷം '4202-01 -800-84- Projects under LAC - ADS - Other Projects - NP ' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പരാമർശം (1) ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങളും പരാമർശം (2), (4), (7) എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകളും കർശനമായി പാലിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), ഓഡിറ്റ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, പാലക്കാട്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
ധനകാര്യവകുപ്പ്(24.09.2026 തീയതിയിലെ E 3553962/NC-C2/47/2026-FIN നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വെബ്സൈറ്റിൽപ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Sajitha V
Date: 08-10-2026
16:46:22
സെക്ഷൻ ഓഫീസർ